"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - റോയൽ ഡെന്റൽ കോളേജ് - പാലക്കാട്, ബി.ഡി.എസ് കോഴ്സ് - സപ്ലിമെന്ററി ഫീസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി .എം )വകുപ്പ്**

G.O.(Rt) No.776/2021/SCSTD തീയതി,തിരുവനന്തപുരം, 05/09/2021

---

പരാമർശം:- 1. സർക്കാർ ഉത്തരവ് (അച്ചടി) 50/2009/പജപവവിവ തീയതി : 02/07/2009

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 13/07/2021 ലെ സി 1 - 11212 / 19 നമ്പർ കത്ത്

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനമായ ചാലിശ്ശേരി റോയൽ ഡെന്റൽ കോളേജിൽ 2018-19 അദ്ധ്യയനവർഷം പ്രവേശനം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥിനിയായ കുമാരി. സുമി മോൾ പി.എസ്. എന്ന വിദ്യാർത്ഥിനി ആദ്യ വർഷം 2 വിഷയങ്ങൾക്ക് പരാജയപ്പെട്ടതിനാൽ 2020 ജനുവരിയിലെ സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിനായി പ്രത്യേക ട്യൂഷൻ , കോളേജിൽ നിന്നും നൽകിയതിന്റെ ഫീസിനത്തിൽ, അഡ്മിഷൻ സൂപർവൈസറി & ഫീ റഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവിൽ പറയും പ്രകാരം പരാജയപ്പെട്ട ഒരു വിഷയത്തിന് 10,000/- രൂപ നിരക്കിൽ ആകെ 20,000/- രൂപ ഇ-ഗ്രാന്റ്സിൽ സപ്ലിമെന്ററി ഫീസാനുകൂല്യത്തിന് സ്ഥാപനം ക്ലെയിം സമർപ്പിച്ചിട്ടുണ്ടെന്നും, എന്നാൽ പരാമർശം 1) പ്രകാരം സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ് കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം തോറ്റ് പഠിക്കുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെ മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ടെന്നും, എന്നാൽ ഇതിൽ ബി.ഡി.എസ് കോഴ്സിന്റെ പേര് പരാമർശിച്ചിട്ടില്ലാത്തതിനാൽ കുമാരി. സുമിമോൾ പി.എസ്-ന് സപ്ലിമെന്ററി ഫീസിനത്തിൽ 20,000/- രൂപ അനുവദിക്കാനാവുമോ എന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകണമെന്നുമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം 2) ലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ

അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനമായ ചാലിശ്ശേരി റോയൽ ഡെന്റൽ കോളേജിൽ 2018-19 അദ്ധ്യയനവർഷം പ്രവേശനം നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥിനിയായ കുമാരി. സുമി മോൾ പി.എസ്. ന് സപ്ലിമെന്ററി ഫീസിനത്തിൽ 20,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Pravada P R

Under Secretary

ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( സോഷ്യൽ & ജനറൽ സെക്ടർ) ,കേരളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എക്കണോമിക് & റവന്യൂ സെക്ടർ) ,കേരളം

ഐ & പി .ആർ .ഡി

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ